## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .2122 18/03/2015-ൽ മറുപടിക്ക്**

**ചാത്തൻകോട്ടുനട ചെറുകിട ജലവൈദ്യുത പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ.കെ. വിജയൻ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ചാത്തൻകോട്ടുനട ചെറുകിട ജല വൈദ്യുത പദ്ധതിയുടെ നിർമ്മാണം പൂർത്തിയാക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) 6 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള ചാത്തൻകോട്ടുനട (രണ്ടാം ഘട്ടം) ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണം 06.03.2010-ൽ ആരംഭിച്ചുവെങ്കിലും പദ്ധതിക്കാവശ്യമായ സ്വകാര്യ ഭൂമിയുടെ 32% നിർബന്ധിത അക്വിസിഷൻ വഴി കൈമാറി കിട്ടുന്നതിനുണ്ടായ കാലതാമസവും തുടർന്നുള്ള കരാറുകാരുടെ ആസൂത്രണ പിഴവുകളും സാമ്പത്തിക പ്രതിസന്ധിയും തൊഴിലാളി ക്ഷാമവും മൂലം പദ്ധതിയുടെ പൂർത്തീകരണത്തിന് കാലതാമസം നേരിടുന്നു. |
| (ബി) പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) പദ്ധതിയുടെ നിർമ്മാണ കരാർ ഏറ്റെടുത്ത കോറമാണ്ടൽ എനർജി ലിമിറ്റഡുമായി 2015 ജനുവരിയിൽ നടത്തിയ ചർച്ചകളെ തുടർന്ന് പദ്ധതി പ്രവൃത്തികൾ ത്വരിതപ്പെടുത്തുവാൻ കരാറുകാരുടെ ഭാഗത്തുനിന്നും ശ്രമം ഉണ്ടായിട്ടുണ്ട്. 2016 ജൂലൈ മാസത്തിൽ പ്രവൃത്തികൾ പൂർത്തീകരിച്ച് പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ